**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ — സർവ്വീസിലിരിക്കെ മരണമടഞ്ഞ സി.എൽ.ആർ വർക്കർ ഗോവിന്ദരാജിന്റെ കുടുംബത്തിന് 2,00,000/- രൂപ ധന സഹായമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1393/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി : 03/05/2017

---

പരാമർശം :
1) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിന്റെ 22/11/2014-ാം തായതിയിലെ 27-ാം നമ്പർ തീരുമാനം.
2) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 03/12/2014, 09/12/2016 തീയതികളിലെ എച്ച് 11-61800/14 നമ്പർ കത്തുകൾ.
3) നഗരകാര്യ ഡയറക്ടറുടെ 13/01/2017 തീയതിയിലെ ഇ 2-10466/16 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സി.എൽ.ആർ തൊഴിലാളിയായിരുന്ന ഗോവിന്ദ രാജ് പ്രവൃത്തി സമയത്തുണ്ടായ വാഹന അപകടത്തെ തുടർന്ന് മരണപ്പെട്ടുവെന്നും ടിയാന്റെ ചികിത്സയോടനുബന്ധിച്ച് നാല് ലക്ഷത്തോളം രൂപ ചെലവായെന്നും താൽക്കാലിക ജീവനക്കാരനായിരുന്നതിനാൽ സർവ്വീസ് ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിയ്ക്കാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, ടിയാന്റെ നിരാലംബരായ കുടുംബത്തിന് ധന സഹായമായി 2,00,000/- (രണ്ട് ലക്ഷം രൂപാ മാത്രം) കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് പരാമർശം (3) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ ടിയാന്റെ മരണത്തെത്തുടർന്ന് നിരാലംബരായ കുടുംബത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ നഗരസഭാ കൗൺസിൽ 22/11/2014 ലെ 27-ാം നമ്പരായി ഏകകണ്ഠമായി അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ള പ്രമേയപ്രകാരമുള്ള

സാമ്പത്തിക സഹായം നൽകുന്നത് ഏറെ സഹായകരമായിരിക്കുമെന്നും,ആയതിനാൽ മരണപ്പെട്ട ഗോവിന്ദരാജിന്റെ കുടുംബത്തിന് 2 ലക്ഷം രൂപ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് ശിപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സി.എൽ.ആർ തൊഴിലാളിയായിരിക്കെ വാഹനാപകടത്തെ തുടർന്ന് മരണപ്പെട്ട ഗോവിന്ദരാജിന്റെ നിരാലംബരായ കുടുംബത്തിന് ധന സഹായമായി 2,00,000/- (രണ്ട് ലക്ഷം രൂപാ മാത്രം) കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ഷിബു.എ.റ്റി**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ